കേരള സർക്കാർ

സംഗ്രഹം

പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2016-17 വർഷത്തെ പ്രത്യേക ഉത്സവ ബത്ത അനുവദിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (പി.യു. സി) വകുപ്പ്**

**സ.ഉ(കൈ)നം.395/2017/ധന തിരുവനന്തപുരം, തീയതി, 22/08/2017**

**പരാമർശം:-**
1. 06.09.2016 ലെ സ.ഉ(കൈ)നം.354/2016/ധന നം. ഉത്തരവ്.
2. 06.08.2017-ലെ സ.ഉ(പി) നം .107/2017/ധന നം.ഉത്തരവ്.
3. 31.07.2017-ലെ സ.ഉ(പി)നം.76/2017/തൊഴിൽ നം.ഉത്തരവ്.

## ഉത്തരവ്

പൊതുമേഖലാ സ്ഥാപനങ്ങളിലെ താഴെപ്പറയുന്ന വിഭാഗത്തിൽപ്പെട്ട ബോണസിന് അർഹതയില്ലാത്ത ജീവനക്കാർക്ക് പ്രത്യേക ഉത്സവ ബത്തയായി 2,750/- രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) സ്ഥാപനം പ്രവർത്തനം ആരംഭിച്ച വർഷം തന്നെ ബോണസ് ലഭ്യമാക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ.

ii) പൊതുമേഖലാ സ്ഥാപനങ്ങളിൽ സർവ്വീസിലുള്ളതും 31.03.2017-ൽ പ്രതിമാസം 21,000/- രൂപയിൽ കൂടുതൽ ശമ്പളമുള്ളവർ.

iii) ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിയിൽ സർവ്വീസിലുള്ളതും 2017 ലെ നാലാം ഓണ ദിവസത്തിന് (06.09.2017) മുൻപ് സർവ്വീസിൽ ചേർന്നവർ.

31.03.2017 നോ അതിനു മുമ്പോ വിരമിച്ചതും /വിട്ടുതൽ ചെയ്യപ്പെട്ടതും എന്നാൽ 2016-17 സാമ്പത്തിക വർഷം തുടർച്ചയായി ആറുമാസം സേവനം അനുഷ്ഠിച്ചിട്ടുള്ളതുമായ ജീവനക്കാർ ഈ ഉത്തരവിലെ മറ്റ് വ്യവസ്ഥകൾ പ്രകാരം അർഹരാണെങ്കിൽ 2016-17-ലെ പ്രത്യേക ഉത്സവ ബത്തയ്ക്കും അർഹതയുള്ളവരായിരിക്കുന്നതാണ്.

പ്രത്യേക ഉത്സവ ബത്തയ്ക്കു മാത്രം അർഹതയുള്ള മേൽ പറഞ്ഞ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും അധികമായി മറ്റേതെങ്കിലും പേരിലോ രൂപത്തിലോ ഉള്ള പ്രതിഫലം

അനുവദിക്കുകയാണെങ്കിൽ ആയത് ടി സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ വ്യക്തിഗതമായ ബാധ്യതയായി കണക്കാക്കി തിരിച്ചുപിടിക്കാവുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽസെക്രട്ടറി (ധനകാര്യം)**

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം
3. പ്ലാനിംഗ്&എക്കണോമിക്സ് അഫേഴ്സ്(BPE) വകുപ്പ്.
4. എല്ലപൊതുമേഖല സ്ഥാപനങ്ങളുടെയും/ബോർഡുകളുടെയും/കോർപ്പറേഷന്റെയും ചീഫ് എക്സിക്യൂട്ടീവ്സ്.
5. ലേബർ കമ്മീഷണർ , തിരുവനന്തപുരം
6. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ
7. ഗവർണ്ണറുടെ സെക്രട്ടറി
8. മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
9. സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
10. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
11. സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
12. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
13. നോഡൽ ഓഫീസർ, ധനകാര്യം www.finance.kerala.gov.in
14. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sumithe

സെക്ഷൻ ഓഫീസർ